**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3683** **15.07.2015** ലെ മറുപടിക്ക്

**കല്യാശ്ശേരി മണ്ഡലത്തിലെ സ്വയംപര്യാപ്ത ഗ്രാമങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. റ്റി.വി.രാജേഷ്** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | സ്വയം പര്യാപ്ത ഗ്രാമങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13-ൽ തെരഞ്ഞെടുത്തിരുന്ന ചെറുതാഴം പഞ്ചായത്തിലെ ഏഴിലോട് കോളനിയുടെയും 2013-14-ൽ ഉൾപ്പെടുത്തിയ മാടായി പഞ്ചായത്തിലെ മൂലക്കീൽ കോളനിയുടെയും സമഗ്ര വികസനത്തിന് എന്തെല്ലാം പ്രവൃത്തികളാണ് ഇതുവരെ പൂർത്തിയായിട്ടുള്ളത്; ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത്; വിശദാംശം നൽകുമോ; | (എ) | 2012-13 -ൽ തെരഞ്ഞെടുത്ത ഏഴിലോട് കോളനിയിൽ ഭവന പുനരുദ്ധാരണം, റോഡ് ടാറിംഗ്, ബയോഗ്യാസ് പ്ലാന്റ്, കമ്മ്യൂണിറ്റി ഹാൾ എന്നിവ പൂർത്തിയായിട്ടുണ്ട്. കുടിവെള്ള പദ്ധതി (മോട്ടോർ സ്ഥാപിക്കുവാനുണ്ട്), സെമിത്തേരി നവീകരണം (ചൂള സ്ഥാപിക്കാനുണ്ട്) എന്നിവ പൂർത്തീകരിക്കുവാനുണ്ട്.<br>2013-14 -ൽ തെരഞ്ഞെടുത്ത മൂലക്കീൽ കോളനിക്ക് ഒന്നാം ഗഡുവായ 25 ലക്ഷം രൂപ എജൻസിയായ സിഡ്കോ കോഴിക്കോടിന് അനുവദിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ? | (ബി) | ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ